ചീമേനി പോലീസ് സ്റ്റേഷനിലെ സ്റ്റാഫ് ക്വാർട്ടേഴ്സ് നിർമ്മാണം

76 (282) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

തൃക്കരിപ്പൂർ മണ്ഡലത്തിലെ ചീമേനി പോലീസ് സ്റ്റേഷനോടനുബന്ധിച്ച് സ്റ്റാഫ് ക്വാർട്ടേഴ്സ് നിർമ്മിക്കുന്ന നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

വിവരം ശേഖരിച്ചു വരുന്നു.

അഗ്നിശമന വകുപ്പിന്റെ പുനരുദ്ധാരണത്തിനും നവീകരണത്തിനും വേണ്ടിയുള്ള കേന്ദ്രസഹായം

77 (283) ശ്രീ. കെ. എം. മാണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അഗ്നിശമന വകുപ്പിന്റെ പുനരുദ്ധാരണത്തിനും നവീകരണത്തിനും വേണ്ടി കേന്ദ്രസഹായത്തിന് അപേക്ഷിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ അതിന്റെ വിശദാംശം ലഭ്യമാക്കുമോ :

(സി) ഇതിലേയ്ക്ക് എത്ര തുകയുടെ കേന്ദ്രസഹായത്തിന് അനുമതി ലഭിച്ചിട്ടുണ്ട് :

(ഡി) ഇതിൽ നാളിതുവരെ എത്ര തുക ചെലവഴിച്ചു ;

(ഇ) ഇനി ഏതെല്ലാം പദ്ധതികൾ പൂർത്തീകരിക്കാനുണ്ട് :

(എഫ്) ഇതിലേക്ക് എത്ര തുക ചെലവ് വരും ;

(ജി) ഇത് എന്നത്തേക്ക് പൂർത്തിയാകുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഈ വകുപ്പിന്റെ പുനരുദ്ധാരണത്തിനും നവീകരണത്തിനും വേണ്ടി 207 കോടി രൂപയുടെ ഒരു പദ്ധതി നടപ്പിലാക്കുന്നതിനായി ആസൂത്രണ കമ്മീഷൻ മുഖാന്തരം അപേക്ഷിച്ചിരുന്നു.

(സി) ഇതിലേക്കായി 22.50 കോടി രൂപ One time Additional Central Assistance ആയി ജനുവരി മാസത്തെ സെക്കൻറ് ബാച്ച് സപ്ലിമെന്ററി ഡിമാൻറ് ഫോർ ഗ്രാന്റ് പ്രകാരം ലഭിച്ചിട്ടുണ്ട്.

(ഡി) തുക ചെലവഴിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) വകുപ്പിന്റെ പുനരുദ്ധാരണത്തിനും നവീകരണത്തിനുമായി ആധുനിക വാഹനങ്ങളും ഉപകരണങ്ങളും വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(എഫ്) 22.50 കോടി.

(ജി) ഈ സാമ്പത്തിക വർഷാവസാനത്തോടെ പദ്ധതി പൂർത്തിയാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

കാസർഗോഡ് ഫയർ സ്റ്റേഷൻ

78(284) ശ്രീ. സി. ടി. അഹമ്മദ് അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പുതിയ ഫയർ സ്റ്റേഷനുകൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) എങ്കിൽ എവിടെയൊക്കെയാണ് ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(സി) കാസർഗോഡ് ഫയർ സ്റ്റേഷൻ എന്നാണ് നിലവിൽ വന്നതെന്നും എന്നും പ്രസ്തുത ഫയർ സ്റ്റേഷനിൽ എന്തെല്ലാം പ്രവർത്തനങ്ങളാണ് നിലവിലുള്ളതെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) കൊട്ടാരക്കര, ഇരിട്ടി, കൊടുവള്ളി, മാള, പുതുക്കാട്, കുറ്റിക്കോൽ എന്നിവിടങ്ങളിൽ പുതിയ ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷനുകൾ ആരംഭിച്ചു കഴിഞ്ഞു. ഏലൂർ (എറണാകുളം), ടെക്നോപാർക്ക് (തിരുവനന്തപുരം), എന്നിവിടങ്ങളിൽ പുതുതായി രണ്ടു ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷനുകൾ ആരംഭിക്കുന്നതിനുള്ള ഭരണാനുമതി നൽകി കഴിഞ്ഞു.

(സി) 19-8-1964-ൽ നിലവിൽ വന്നു. തീപിടിത്തം മറ്റ് അപകടങ്ങൾ എന്നിവയിൽ നിന്നും പൊതുജനങ്ങളുടെ ജീവനും സ്വത്തും രക്ഷിക്കുക എന്ന പ്രധാന ദൗത്യം നിർവ്വഹിക്കുക എന്നതിനെ അടിസ്ഥാനമാക്കിയാണ് സംസ്ഥാനത്ത് ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷനുകൾ പ്രവർത്തിക്കുന്നത്.

ഫയർ ഫോഴ്സ് ആന്റ് റസ്ക്യൂ സർവ്വീസിന്റെ നവീകരണം

79 (285) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. കെ. അച്ചുതൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഫയർ ഫോഴ്സ് ആന്റ് റസ്ക്യൂ സർവ്വീസിന്റെ നവീകരണത്തിനായി എന്തെല്ലാം പുതിയ പദ്ധതികൾ നടപ്പാക്കാനാണ് ഈ സർക്കാർ ലക്ഷ്യമിട്ടിരിക്കുന്നത് ;

LIBRARY ARCHIVES Kerala Legislative Assembly